പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2822 — 17.06.2019 ൽ മറുപടിയ്ക്ക്

# വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ നിയമനം

| *ചോദ്യം* | | *ഉത്തരം* |
|---|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| **(എ)** ഡി.ജി.ടി. മാനദണ്ഡമനുസരിച്ച് വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | | **(എ)** ഡി.ജി.ടി മാനദണ്ഡപ്രകാരം ഇൻസ്ട്രക്ടർ തസ്തികയിലെ നിയമന യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br>ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും ടി യോഗ്യത നേടിയ ശേഷമുള്ള മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും<br>അല്ലെങ്കിൽ<br>ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രെൻറിസ്ഷിപ്പ് സർട്ടിഫിക്കറ്റും ടി യോഗ്യത നേടിയ ശേഷമുള്ള മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും<br>അല്ലെങ്കിൽ<br>ബന്ധപ്പെട്ട ബ്രാഞ്ചിൽ ഡിപ്ലോമയും ടി യോഗ്യത നേടിയ ശേഷമുള്ള രണ്ടു വർഷത്തെ പ്രവർത്തി പരിചയവും<br>അല്ലെങ്കിൽ<br>ബന്ധപ്പെട്ട ബ്രാഞ്ചിൽ ഡിഗ്രിയും ടി യോഗ്യത നേടിയ ശേഷമുള്ള രണ്ടു വർഷത്തെ പ്രവർത്തി പരിചയവും |
| **(ബി)** ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണോ കേരള പബ്ലിക് സർവീസ് കമ്മീഷൻ വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ നിയമനത്തിനുള്ള വിജ്ഞാപനമിറക്കുന്നത് എന്ന് ശ്രദ്ധിച്ചി | | **(ബി)&(സി)** 1971 ലെ കേരളാ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരളാ പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തി വരുന്നത്. വ്യാവസായിക പരിശീലന |

| | | |
|---|---|---|
| ട്ടുണ്ടോ; അല്ലെങ്കിൽ പ്രസ്തുത വിജ്ഞാപനം ഡി.ജി.ടി. മാനദണ്ഡമനുസരിച്ചാണ് എന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ;<br><br>**(സി)** പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വകുപ്പിലെ സ്പെഷ്യൽ റൂളിൽ വ്യത്യസ്തമാണോ; എങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ? | | വകുപ്പിലെ സ്പെഷ്യൽ റൂളിൽ പറഞ്ഞ യോഗ്യതകളിൽ ഡി.ജി.ടി. മാനദണ്ഡങ്ങളിൽ പെടുന്ന ഡിഗ്രി യോഗ്യത ഉൾപ്പെട്ടിട്ടില്ല. ഡി.ജി.ടി മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി 1971 ലെ കേരളാ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവീസ് റൂൾസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ